ലേഖനം

വി.എ മുഹമ്മദ് അശ്റഫ്

### സ്വവർഗരതി പ്രചാരണവും യാഥാർഥ്യങ്ങളും - 3

# സ്വവർഗരതി ഒരു ധാർമിക പരിപ്രേക്ഷ്യം

**വികസിതവും** അല്ലാത്തതുമായ ചില പാശ്ചാത്യ രാഷ്ട്രങ്ങൾ സ്വവർഗരതിക്ക് വൈവാഹിക ബന്ധത്തിന് തുല്യമായ പദവി നൽകുന്നുണ്ട്. ചില ക്രൈസ്തവ സഭകൾ സ്വവർഗരതി തുറന്നംഗീകരിച്ചു കഴിഞ്ഞു. സ്വവർഗരതിക്കാരായ പുരോഹിതന്മാർ കൂടി അവക്കുണ്ട്. അമേരിക്കയിലെ അഞ്ച് പ്രധാന സഭകൾ സ്വവർഗരതിക്കാർക്ക് പൗരോഹിത്യപട്ടം കൊടുക്കുന്നുണ്ട്.[1]

സ്വവർഗാനുരാഗത്തെ ഒരു താത്ത്വിക പദ്ധതിയായി വളർത്തി, കുടുംബമടക്കമുള്ള സമൂഹത്തിന്റെ ഓരോ തന്തുവും പുനർക്രമീകരണത്തിന് വിധേയമാക്കാനാണ് സ്വവർഗാനുരാഗ പ്രസ്ഥാനങ്ങൾ ലക്ഷ്യമിടുന്നത്.[2]

അസ്തിത്വവാദ ചിന്തകൻ ഴാങ്പോൾ സാർത്രേ പറഞ്ഞതുപോലെ, ദൈവമില്ലെങ്കിൽ എന്തും അനുവദനീയമാണ്; ദൈവത്തിന്റെ അഭാവത്തിൽ അകത്തോ പുറത്തോ തനിക്ക് അവലംബിക്കാവുന്ന ഒന്നും കണ്ടെത്താനാവില്ല.[3] തൽഫലമായി തലതിരിഞ്ഞ ലൈംഗികതയിൽ കുടുംബവും മാതാ-പിതാ സങ്കൽപവും അപ്രത്യക്ഷമാകുന്നു.

നിരീശ്വര-നിർമതത്വങ്ങളുടെ ലക്ഷ്യങ്ങളിലൊന്ന് സകല സദാചാര കെട്ടുപാടുകളും പൊട്ടിച്ചെറിയുകയാണ്. ആൾഡസ് ഹക്സലി എഴുതി: "ഈ ലോകത്തിന് ഒരർഥവുമില്ലെന്ന എന്റെ ചിന്തക്ക് ചില പ്രചോദനങ്ങളുണ്ട്. നിരർഥകത എന്നത് എന്നെപ്പോലുള്ളവർക്ക് വിമോചനത്തിന്റെ മാർഗമാണ്. ഞങ്ങളാഗ്രഹിക്കുന്ന വിമോചനം ചില രാഷ്ട്രീയ -സാമ്പത്തിക വ്യവസ്ഥകളിൽനിന്ന് മാത്രമല്ല, ചില സദാചാര സാമ്പ്രദായികത്വങ്ങളിൽനിന്നു കൂടിയാണ്. ധാർമിക വ്യവസ്ഥകളെ ഞങ്ങൾ എതിർക്കുന്നത് അവ ഞങ്ങളുടെ ലൈംഗിക സ്വാതന്ത്ര്യത്തിൽ ഇടപെടുന്നതിനാൽ കൂടിയാണ്."[4]

**ലൈംഗികതയെ ഭയം, രോഗം, ആധിപത്യം എന്നിവകളിൽനിന്ന് മുക്തമാക്കണമെങ്കിൽ മതമുക്തമാക്കണമെന്നാണ് ആധുനിക പോസിറ്റിവിസ്റ്റുകളുടെ വാദം. ലളിതമായ സ്വവർഗ വിവാഹത്തെ ഗൗരവത്തോടെ കാണുന്ന ദൈവത്തെ പരിഗണിക്കേണ്ടതില്ല എന്നാണ് പോസിറ്റിവിസത്തിന്റെ നവസൈദ്ധാന്തികൻ സാംഹാരിസ് അലറുന്നത്.**

ലൈംഗികതയെ ഭയം, രോഗം, ആധിപത്യം എന്നിവകളിൽനിന്ന് മുക്തമാക്കണമെങ്കിൽ മതമുക്തമാക്കണമെന്നാണ് ആധുനിക പോസിറ്റിവിസ്റ്റുകളുടെ വാദം.[5] ലളിതമായ സ്വവർഗ വിവാഹത്തെ ഗൗരവത്തോടെ കാണുന്ന ദൈവത്തെ പരിഗണിക്കേണ്ടതില്ല എന്നാണ് പോസിറ്റിവിസത്തിന്റെ

നവസൈദ്ധാന്തികൻ സാംഹാരിസ് അലറുന്നത്.[6]

ബാലരതി പോലുള്ള ലൈംഗിക കുറ്റകൃത്യങ്ങൾക്ക് പോലും ജൈവികകാരണങ്ങൾ കണ്ടെത്തി പരിണാമാത്മകമായി ന്യായീകരിക്കാൻ ശ്രമിക്കുന്നവർ പോലുമുണ്ട്.[7] പരിണാമാത്മക ജീവശാസ്ത്രത്തെ ഉപജീവിച്ചാൽ മോശമായി കരുതപ്പെടുന്ന പല ജൈവ സ്വഭാവങ്ങൾക്കും പുതിയ വ്യാഖ്യാനങ്ങൾ സാധ്യമാണെന്നും ഇക്കൂട്ടർ പറയുന്നു.[8]

മാതൃത്വം എന്നത് അവിതർക്കിതമായ ജീവശാസ്ത്ര വസ്തുതയും പിതൃത്വം ഒരു സാമൂഹിക സൃഷ്ടിയുമാണെന്ന് വിഖ്യാത നരവംശശാസ്ത്രജ്ഞ മാർഗരറ്റ് മീഡ് ഒരിക്കൽ പറഞ്ഞു.[9] പിതൃത്വത്തെ സൃഷ്ടിക്കുന്ന സ്ഥാപനമായി വിവാഹത്തെ മീഡ് നിർവചിക്കുന്നുമുണ്ട്. മാതൃത്വം എന്ന മിഥ്യ തകർക്കപ്പെടുന്നതുവരെ സ്ത്രീകൾ അടിച്ചമർത്തപ്പെടുക തന്നെ ചെയ്യുമെന്നാണ് സിമോൺ ഡി ബോയർ എന്ന ഫെമിനിസ്റ്റ് വാദിച്ചത്. സ്ത്രൈണതയുടെയും പുരുഷതയുടെയും ധാർമികബന്ധങ്ങളെ അംഗീകരിക്കാൻ കൂട്ടാക്കാത്ത അവർ, അതൊക്കെ പിതൃപാരമ്പര്യ വ്യവസ്ഥ സൃഷ്ടിച്ച കാപട്യങ്ങളായി തള്ളിക്കളയുന്നു. ഫലത്തിൽ എല്ലാ ധാർമിക മൂല്യങ്ങളെയും തിരസ്കരിക്കുകയാണ് ഇക്കൂട്ടർ ചെയ്യുന്നത്.

ഉയർന്നുവരുന്ന വിവാഹമോചനത്തോത് ആഘോഷിക്കപ്പെടേണ്ട കാര്യമാണെന്നാണ് ജെർമെയ്ൻ ഗ്രിയറെ പോലുള്ള റാഡിക്കൽ ഫെമിനിസ്റ്റുകൾ കരുതുന്നത്.[10]

## സനാതന മൂല്യങ്ങളുടെ പ്രസക്തി

മാറ്റപ്പെടാത്ത അടിത്തറകളിൽ നിലകൊള്ളുന്നതും കാലാനുസൃതമായി വികാസക്ഷമതയുള്ളതുമായ സാനതന മൂല്യങ്ങളിലാണ് യഥാർഥ ദൈവികമതം നിലകൊള്ളുന്നത്. സനാതനമായ ഈ ദർശനങ്ങളിലേക്കാണ് മുഴുവൻ പ്രവാചകപുംഗവന്മാരും ജനങ്ങളെ ക്ഷണിച്ചത്. ഈ മഹത്സംരംഭങ്ങളുടെ ഏടുകൾ പൂർവിക വേദപ്രമാണങ്ങളിൽ ഇന്നും ചിതറിക്കിടക്കുന്നുണ്ട്.

ലോകത്തിന്റെ പ്രബോധനപ്രവർത്തനങ്ങൾ ഉൽപത്തി പുസ്തകത്തിൽ നമുക്ക് വായിക്കാം. രണ്ട് ദൈവദൂതന്മാർ ലോകത്തെ സന്ദർശിക്കാനെത്തിയപ്പോൾ അവരെ സ്വവർഗരതിക്ക് വിധേയരാക്കാനുള്ള സോദോം നിവാസികളുടെ ശ്രമങ്ങളെ ബൈബിൾ ചിത്രീകരിച്ചിരിക്കുന്നു.[11] പിന്നീട് സ്വവർഗരതി ശീലമാക്കിയിരുന്ന സോദോം -ഗൊമോറാ നഗരത്തിലെ നിവാസികൾ നശിപ്പിക്കപ്പെട്ടതും വിശദമാക്കിയിരിക്കുന്നു.[12]

ജൂതമതം ആധികാരികമായി കരുതുന്ന ഒട്ടനവധി വേദസൂക്തങ്ങൾ സ്വവർഗരതിയെ അപലപിക്കുന്നതായുണ്ട്.[13] ലേവ്യർ 18:22 പ്രകൃതി വിരുദ്ധ രതിയെ വ്യക്തമായി നിരോധിക്കുന്നുണ്ട്. "സ്ത്രീയുടെ കൂടെയന്നതുപോലെ പുരുഷനോടു കൂടെ നീ ശയിക്കരുത്. അത് മ്ലേഛതയാകുന്നു."

പുതിയ നിയമമാകട്ടെ, ഇസ്രാഈലീ പ്രവാചക പാരമ്പര്യം കാത്തുസൂക്ഷിച്ചുകൊണ്ടുതന്നെ സ്വവർഗാനുരാഗത്തെ ശക്തമായി എതിർക്കുന്നു.[14] പ്രാചീന ഇന്ത്യയിൽ സ്വവർഗരതി വ്യാപകമായി നിലനിന്നിരുന്നതായി രേഖകളില്ല; അതുകൊണ്ട് തന്നെ ശ്രുതികളിൽ അതേപ്പറ്റി കാര്യമായ പരാമർശങ്ങളുമില്ല. *മനുസ്മൃതി* സ്വവർഗ ലൈംഗികതക്ക് കനത്ത ശിക്ഷ തന്നെ വിധിക്കുന്നുണ്ട്.[15]

വിഖ്യാത ഇന്ത്യാ പഠന വിദഗ്ധൻ എ.എൽ ബാഷാം പറയുന്നു: "പുരാതന ഇന്ത്യയിൽ സ്വവർഗരതി പൊതുവെ അജ്ഞാതമായിരുന്നു. നിയമഗ്രന്ഥങ്ങളിൽ അത് അപലപിക്കപ്പെടുന്നു. വലിയ ആവേശമില്ലാതെ ലഘുവായി മാത്രമാണ് 'കാമസൂത്ര' ഇക്കാര്യം പ്രതിപാദിക്കുന്നത്. സാഹിത്യങ്ങളാകട്ടെ ഇത് പൊതുവെ അവഗണിക്കുകയാണ്. ഇക്കാരണങ്ങളാൽ പുരാതന ഇന്ത്യ ഇക്കാര്യത്തിൽ മിക്ക പ്രാചീന സംസ്കാരങ്ങളെക്കാളും ആരോഗ്യപൂർണമായിരുന്നു.[16]

## സ്വവർഗരതിയും ഇസ്‌ലാമും

പ്രവാചകൻ ലൂത്വ് (അ), സ്വവർഗഭോഗികൾ ധാരാളമുള്ള ഒരു സമൂഹത്തിലേക്കാണ് അയക്കപ്പെട്ടതെന്ന് ഖുർആൻ പറയുന്നു. ലൂത്വിന്റെ ജനതക്ക് മുമ്പ് ഇത്തരം ദുസ്സ്വഭാവം മറ്റൊരു സമൂഹത്തിലും വ്യാപകത്വം നേടിയിട്ടില്ലായിരുന്നു (ഖുർആൻ 29:28,29). ലൂത്വ് നബി അവരെ ധാരാളമായി ഉപദേശിച്ചുവെങ്കിലും ജനത അതൊക്കെ ധിക്കരിക്കുകയായിരുന്നു (26:160). ശക്തമായ താക്കീതുകൾക്ക് ശേഷവും ഈ മ്ലേഛത കൈവിടാൻ കൂട്ടാക്കാത്ത സമൂഹത്തെ ലോകത്തിന് മുഴുക്കെ പാഠം നൽകാനായി നശിപ്പിക്കപ്പെടുകയായിരുന്നു (54: 37-39).

വേറെയിടങ്ങളിൽ ധിക്കാരികളായ ലൂത്വിന്റെ ജനതയുടെ നാശം ഖുർആൻ വിവരിക്കുന്നതീ വിധമാണ്:

''അങ്ങനെ നമ്മുടെ കൽപന വന്നെത്തിയപ്പോൾ നാം ആ നാടിനെ കീഴ്മേൽ മറിച്ചുകളഞ്ഞു. അതിനു മീതെ നാം ചുട്ടമൺകട്ടകൾ വർഷിച്ചു. അവയിൽ ഓരോ കല്ലും താങ്കളുടെ നാഥങ്കൽ അടയാളപ്പെടുത്തിയിട്ടുള്ളതായിരുന്നു" (11:82,83).

"പ്രഭാതം പൊട്ടിവിടരവെ ഒരു ഘോരഗർജനം അവരെ പിടികൂടി. ആ നാട്ടിനെ നാം കീഴ്മേൽ മറിച്ചുകളഞ്ഞു. അവർക്കു മീതെ ചുട്ടുപഴുത്ത കല്ലുകൾ വർഷിച്ചു" (15:73,74). മനുഷ്യരാശിക്കുള്ള കാലാതിവർത്തിയായ പാഠം എന്ന നിലക്കാകണം, ലൂത്വിന്റെ ജനതയുടെ അതിക്രമങ്ങളെ പലവുരു ഖുർആൻ പരാമർശിക്കുന്നത്.[17]

ദുർനടപ്പുകാരികളായ സ്ത്രീകളെക്കുറിച്ച 4:16 സൂക്തം സ്വവർഗരതിയെ കൂടി ഉൾക്കൊള്ളുന്നതാണെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നുണ്ട്. തങ്ങളുടെ സ്വവർഗരതി സ്വഭാവത്തെ എതിർത്തപ്പോൾ ദുഷിച്ചുപോയ ജനതയുടെ പ്രതികരണം ഇവിടെ ഏറെ പ്രസക്തമാണ്: ''ഇവരെ നമ്മുടെ പട്ടണത്തിൽനിന്ന് പുറംതള്ളുക. ഇവർ വലിയ വിശുദ്ധന്മാരായി ചമയുന്നുവല്ലോ?" (7:82).

മ്ലേഛവൃത്തിക്ക് സാമൂഹികമായ അംഗീകാരം കൊടുത്താൽ ക്രമപ്രവൃദ്ധമായി ഇത്തരമൊരവസ്ഥയിലേക്കാകും അപഭ്രംശം സംഭവിച്ച ഒരു സമൂഹത്തിന്റെ ഗതിയെന്നതാണ് ഇതിലെ പാഠം.

അക്രമം, ക്രൂരത, അമാന്യം, വ്യതിചലിച്ചത് എന്നീ വിശേഷണങ്ങളാണ് ഖുർആൻ ലൂത്വിന്റെ ജനതയുടെ വഴികേടിനെ പ്രതിപാദിക്കാൻ ഉപയോഗിച്ച വാക്കുകൾ.[18]

ഈ ദുശ്ശീലത്തിലകപ്പെട്ടുപോയവർ രക്ഷപ്പെടാനുള്ള പ്രഥമ വഴിയായി മാറ്റത്തിനുള്ള പാത കണ്ടെത്തണമെന്നതാണ് ഖുർആന്റെ അധ്യാപനം.[19] ഭൂമിയിൽ കൗതുകങ്ങൾ കാണിച്ച് ജനങ്ങളെ വഴിപിഴപ്പിക്കാൻ ഇബ്‌ലീസ് വിവിധ വലകൾ മെനഞ്ഞുകൊണ്ടേയിരിക്കുകയാണ്.[20]

മുഹമ്മദ് നബി(സ)യുടെ കാലഘട്ടത്തിൽ 'സ്വവർഗരതി' സംഭവമൊന്നും രേഖപ്പെടുത്തപ്പെട്ടിട്ടില്ല. ഹനഫി മദ്ഹബ് സ്വവർഗരതി വ്യഭിചാരമായിത്തന്നെ പരിഗണിച്ച് ജഡ്ജിയുടെ തീരുമാനത്തിന് വിടുന്നു. ശാഫിഈ, അബൂയൂസുഫ് എന്നീ പണ്ഡിതർ വ്യഭിചാരത്തിനുള്ള ശിക്ഷതന്നെയാണ് ഈ ദുർവൃത്തിക്കും വിധിക്കുന്നത്. ജഅ്ഫരി, മാലിക്കീ മദ്ഹബുകളും ഇതേ വീക്ഷണമാണ് പുലർത്തിയിരിക്കുന്നത്.

## കുടുംബം സമൂഹത്തിന്റെ അടിത്തറ

വിവാഹപ്രായമെത്തിയവരെ വിവാഹം ചെയ്യിക്കേണ്ടത് സാമൂഹികാവശ്യമെന്ന നിലയിലാണ് വേദഗ്രന്ഥം പരാമർശിക്കുന്നത് (24:32). വിവാഹബന്ധം നിഷിദ്ധമാക്കപ്പെട്ടവരെക്കുറിച്ച വിശദമായ പട്ടികയിൽ ഉൾപ്പെടാത്തവരെ വേണം വേൾക്കാൻ (4:23,24).

കുടുംബജീവിതത്തിന്റെ പ്രാധാന്യം ധിഷണാശാലികളൊക്കെ പരക്കെ അംഗീകരിച്ചിട്ടുള്ളതാണ്. ടെമ്പിൾടൺ സമ്മാന ജേതാവും വിഖ്യാത തത്ത്വജ്ഞാനിയുമായിരുന്ന മൈക്കേൽ ഹെവാക് ഇങ്ങനെ അഭിപ്രായപ്പെട്ടു: "കഴിഞ്ഞ ആയിരം വർഷത്തെ മനുഷ്യചരിത്രം പഠിപ്പിച്ച പ്രധാനപാഠം, കുടുംബം ഭദ്രമാണെങ്കിൽ ജീവിതം മെച്ചപ്പെട്ടതാകുമെന്നും അത് വഴിതെറ്റുമ്പോൾ സകലതും തകരാറിലാകുമെന്നുമാണ്."[21]

സ്ത്രീ-പുരുഷ ദമ്പതികൾ ചേർന്നുള്ള ബന്ധത്തിൽ ജനിക്കുന്ന കുട്ടികളുള്ള കുടുംബമാണ്, വളർന്നുവരാനും പരിപാലിക്കപ്പെടാനുമുള്ള ഏറ്റവും ഉചിതമായ ഘടന എന്നത് ലോകചരിത്രവും സാമൂഹിക യാഥാർഥ്യങ്ങളും നരവംശശാസ്ത്രവും മനശ്ശാസ്ത്രവും സാക്ഷ്യപ്പെടുത്തുന്നുണ്ട്.

വമ്പൻ ക്രിമിനൽ കുറ്റങ്ങൾ മുതൽ മയക്കുമരുന്ന് ഉപയോഗം വരെ പിതാവില്ലാത്ത കുടുംബാവസ്ഥയുമായി ബന്ധപ്പെടുന്നുവെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു.[22]

വിവാഹമോചനവും വിവാഹേതര ശിശുജനനങ്ങളും വരുന്ന തലമുറകളെപ്പോലും ജീർണിപ്പിക്കുന്നു.[23]

മാതാപിതാക്കളാൽ വളർത്തപ്പെടുന്ന കുട്ടികൾ കൂടുതൽ മാനസികവും വൈകാരികവും ശാരീരികവുമായ ആരോഗ്യാവസ്ഥ ലഭിക്കുന്നവരും വിദ്യാഭ്യാസപരമായ നേട്ടങ്ങൾ ഉണ്ടാക്കുന്നവരും ആയി പഠനങ്ങൾ കാണിക്കുന്നു.[24]

അവിവാഹിതാവസ്ഥയേക്കാൾ വിവാഹാവസ്ഥ കൂടുതൽ ആരോഗ്യകരവും ആഹ്ലാദകരവുമാണെന്നും പഠനങ്ങൾ സൂചിപ്പിക്കുന്നു. ഉദാഹരണത്തിന് ആയുർദൈർഘ്യത്തിലെ വർധനവ്, കൂടുതൽ കാലം നിലനിൽക്കുന്ന രോഗങ്ങളുടെ കുറവ്, മദ്യ-മയക്കുമരുന്നുകളുടെ ഉപയോഗത്തിലെ കുറവ്, ലൈംഗികതൃപ്തിയിലെ മികവ്, വിഷാദരോഗത്തിന്റെ കുറവ്, ശാരീരികവും മാനസികവുമായ മികവ് എന്നിവ വൈവാഹികാവസ്ഥ ഇണകൾക്ക് നൽകുന്നുവെന്ന് പഠനങ്ങൾ തെളിയിക്കുന്നു.[25] വിവാഹിതരുടെ കുടുംബങ്ങളിലെ മക്കൾ ശാരീരികവും വൈകാരികവുമായ പക്വത പുലർത്തുന്നു.[26]

## ദാമ്പത്യം ഖുർആനിൽ

കുടുംബമാണ് സമൂഹത്തിന്റെ അടിസ്ഥാനഘടകം. വിവാഹമാണ് ഇതിനാരംഭം കുറിക്കുന്നത്. ആദമിന്റെ കാലം മുതൽ ഇതാണവസ്ഥ. വിവാഹം ദൈവിക നിശ്ചിതമാണ് എന്നതിന് തെളിവാണ്, എല്ലാ മനുഷ്യ സംസ്കാരങ്ങളിലും ഇത് കാണപ്പെടുന്നു എന്നത്. പാരസ്പരികതയിലൂടെ സ്ത്രീയും പുരുഷനും ചേരുകയാണ് വൈവാഹിക ജീവിതത്തിൽ.

പരസ്പരം വ്യത്യസ്തമായ രണ്ട് ലിംഗ വിഭാഗങ്ങളെ (സ്ത്രീയും പുരുഷനും) ദൈവം സൃഷ്ടിച്ചിരിക്കുന്നു; എന്നാൽ രണ്ടും ഒറ്റ സ്രോതസ്സിൽനിന്ന് ഉരുവംകൊണ്ടിരിക്കുന്നു.[27] പരസ്പരാകർഷണം ഇരുവരിലും നിലീനമായ സ്വഭാവമാണ്.[28] ഒന്ന് മറ്റൊന്നിൽനിന്നുള്ളതാണ് രണ്ട് ലിംഗവിഭാഗങ്ങളുടെയും സൃഷ്ടി.[29]

പരസ്പരം സഹായികളും മിത്രങ്ങളുമായി വർത്തിക്കേണ്ടവരാണ് രണ്ട് ലിംഗ വിഭാഗങ്ങളും.[30] ദാമ്പത്യത്തെ പരസ്പരം വസ്ത്രം കണക്കെയുള്ളതും, പരസ്പരം സായൂജ്യം കണ്ടെത്തുന്നതുമായി വിശേഷിപ്പിച്ചിരിക്കുന്നു.[31] വിവാഹജീവിതത്തിലെ പാരസ്പര്യമാണ് വേദഗ്രന്ഥം ഊന്നിപ്പറയുന്നത്.[32] ലിംഗനീതിയെ അരക്കിട്ടുറപ്പിക്കുന്ന വിധം 'സൗജ്' -ഇണ- എന്ന പദമാണ് ദമ്പതികളെ പരാമർശിക്കാൻ ഖുർആൻ ഉപയോഗിച്ചിരിക്കുന്നത്.[33]

ഒരേ വർഗത്തിൽപെട്ട ഇണകൾ സൃഷ്ടിക്കപ്പെടുന്നതിന്റെ ലക്ഷ്യങ്ങളിലൊന്ന് സന്താനങ്ങളാണ്.[34] സ്ത്രീ-പുരുഷന്മാർ വിവാഹബന്ധത്തിലൂടെ യോജിക്കുമ്പോൾ പരസ്പരം സ്നേഹവും കാരുണ്യവും പ്രകടിതമാകുന്നു.[35] സ്ത്രീ-പുരുഷ ദാമ്പത്യം ഇരുവർക്കും ശാന്തി നൽകുന്നു.[36]

സ്ത്രൈണതയും പുരുഷതയും തുല്യപദവിയുള്ള പ്രതിഭാസങ്ങളായി ദൈവം നിർണയിച്ചിരിക്കുന്നു.[37] ഇരുവരും ഭൂമിയിൽ ദൈവത്തിന്റെ ഖലീഫമാരാണ്.[38]

വിവാഹേതര ബന്ധത്തിലൂടെ ലൈംഗിക വികാരപൂർത്തീകരണം നേടുന്നത് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു.[39] അശ്ലീലതകൾ (സാഹിത്യവും സംസാരവും) നിരോധിക്കപ്പെട്ടിരിക്കുന്നു.[40] ഇതിന് നിദാനം, അവ വ്യഭിചാരത്തിലേക്കുള്ള വാതായനങ്ങൾ ആയതുകൊണ്ടാണ്. ചാരിത്ര്യം സൂക്ഷിക്കുക എന്നത് സ്ത്രീ-പുരുഷന്മാർക്ക് ഭക്തിയുടെ മകുടമായ ലക്ഷണമാണ്.[41] അവിഹിത വേഴ്ചകളിൽനിന്ന് രക്ഷപ്പെട്ടവരെ 'സുരക്ഷിതർ' എന്ന പദം കൊണ്ടാണ് ഖുർആൻ വിശേഷിപ്പിക്കുന്നത്.[42] ലൈംഗികാസക്തിയെ നിയന്ത്രിക്കുകയും ലൈംഗിക വിശുദ്ധി സംരക്ഷിക്കുകയും ചെയ്യുകയാണ് വിശ്വാസിയുടെ രീതി.[43]

സ്വവർഗരതിക്ക് നിയമപരിരക്ഷ നൽകിയാൽ വേശ്യാവൃത്തിയും ഫെറ്റിഷിസവും ബാലരതിയും മൃഗഭോഗവും അഗമ്യഗമനവും തടയാൻ ധാർമികത നിയന്ത്രണമില്ലാതാവും. ഉച്ഛിഷ്ടവും മലവും ഭക്ഷിക്കുന്നതും, അഗമ്യഗമനം നടത്തുന്നതുമായ മൃഗങ്ങളെ ചൂണ്ടി സ്വവർഗരതിയെ ന്യായീകരിക്കുന്നവർ ശുഷ്കബുദ്ധികളാണ്. ലൈംഗിക ന്യൂനപക്ഷം എന്ന ഓമനപ്പേരിട്ട് വിളിച്ചതുകൊണ്ടു മാത്രം ഒരു മനോവൈകല്യം അതല്ലാതാകുന്നില്ല. 'അസാന്മാർഗികത' എന്ന ഒന്നില്ലാതാക്കാൻ ലക്ഷ്യമിട്ടവരാണ് സ്വവർഗരതിയെ പിന്തുണക്കുന്നവർ. അമ്മയെ വേൾക്കുന്നത് പോലും അവർ ന്യായീകരിക്കും. ധാർമികതയെ ലൈംഗികതയിൽനിന്ന് അടർത്തിമാറ്റാവതല്ല എന്നതാണവർ വിസ്മരിക്കുന്നത്. മാംസനിബദ്ധതയിൽ മാത്രം ലൈംഗികതയെ ചുരുക്കിക്കെട്ടുന്ന വീക്ഷണം അംഗീകരിക്കുന്ന സമൂഹം മരണാതുരമാണ്.

മനുഷ്യബന്ധങ്ങളെയും അവന്റെ സാമൂഹികതയെയും ആരോഗ്യകരമായി നിലനിർത്തുന്ന സദാചാര വ്യവസ്ഥയെയും കുടുംബ സംവിധാനത്തെയും നിഷേധിക്കുന്നവർ പൈശാചികമായ പ്രേരണകളാൽ ആവാഹിക്കപ്പെട്ടവരാണ്. 'അടിത്തറ തകർന്നാൽ നീതിമാൻ എന്ത് ചെയ്യും' എന്ന് സങ്കീർത്തനക്കാരൻ ചോദിക്കുന്നു.[44] ഖുർആൻ ചോദിക്കുന്നത് പോലെ, സത്യത്തിനു ശേഷം ദുർമാർഗമല്ലാതെ മറ്റെന്താണ് അവശേഷിച്ചിട്ടുള്ളത്? (10:32). ■

(അവസാനിച്ചു)

### റഫറൻസ്


1. Ronnie W floyd, The Gay Agenda, New Leaf Press: AR, 2004, p46
2. William B Rubenstein, Lesbians, Gay Men, and the Law, The New Press: New York, 1993, p 400
3. John Paul Sartre, Existentialism and Humanism, Meridian: New York, 1961, p 485
4. Aldus Huxley, Ends and Means, Chalto & Windus: London, 1937, p 94
5. Christopher Hitchens, God is Not Great, Twelve: New

York, 2007, p 283
6. Sam Harris, Letter to a Christian Nation, Alfred A Knopf: New York, 2006 p 55
7. Joann Rodgers, Sex: A Natural History, Henry Holt: New York 2001, p 429
8. Joann Rodgers, Ibid, p 40,41
9. Margaret Mead, Male and Female: A Study of the Sexes in a Changing World, Dell : New York, 1969, p 198
10. Amand Banks, Greer Cheers Divorcing Women, The Australian, 2004 September 8
11. ഉൽപത്തി 19: 1:11
12. ഉൽപത്തി 19: 23-29
13. ലേവ്യർ 20:13, 20:12-14, എസക്കിയേൽ 16:48,49, എശയ്യാവ് 1:10, ജെറമിയ 23:14
14. മത്തായി 18:6, 10:14-15, ലൂക്കോസ് 10:10-12, റോമർ 1:22-27, 1:32, I കൊരിന്ത്യർ 6:9-11,18, വെളിപാട് 21:8, 22:15, യൂദാസ് 1:7, I തിമോത്തി 1:8-11
15. മനുസ്മൃതി 11:174-175
16. A.L Basham, The Wonder that Was India, Sidgwick and Jackson, London, 1967, p 172
17. ഖുർആൻ 7:80-84, 26: 165-166, 29: 28-30, 4: 16, 27:54-58, 21: 74-75, 29: 28-35, 11:77-83, 26: 160-175, 54: 37, 15: 73
18. ഖുർആൻ 7:80, 11: 78, 21:74, 29:21
19. ഖുർആൻ 13:11
20. ഖുർആൻ 15:42
21. Michael Novak, The Family Out of Favor, Harper's Magazine, April 1976, p 37-46
22. David Blankenhorn, Fatherless America: Confronting Our Most Urgent Social Problem, Basic Books: New York, 1995.
23. Sara McLannahan and Gary Sandefur, Growing Up with a Single Parent, H.U.P: Mass, 1994
24. Linda Waite and Maggie Gallagher, The case for Marriage, Double day: New York, 2001, p 124-140
25. Linda J. Waite, The Ties that Bind: Perspectives on Marriage and Cohabitation, Aldine de Gruyter: New York, 2000, p 368-391
26. James Dobson, Marriage Under Fire, Multnomah: Or, 2004, p 54
27. ഖുർആൻ 4:1, 49:13, 53:45, 92:3, 42:49, 51:49, 75:39, 92:3, 3:36, 39:6, 30:12, 16:72, ഉൽപത്തി 1:27-28
28. ഖുർആൻ 27:55, 7:81, 3:14
29. ഖുർആൻ 3:195
30. ഖുർആൻ 9:71
31. ഖുർആൻ 2:187, 30:21
32. ഖുർആൻ 25:74, 7:189
33. ഖുർആൻ 42:11, 75:39, 78:8, 36:36
34. ഖുർആൻ 4:1, 16:72, 19:20
35. ഖുർആൻ 30:21
36. ഖുർആൻ 7:189
37. ഖുർആൻ 9:71, 33:35, 4:1, 49:13
38. ഖുർആൻ 2:30
39. ഖുർആൻ 7:81, 27:55
40. ഖുർആൻ 4:148, 24:19
41. ഖുർആൻ 21:19
42. ഖുർആൻ 4:24-25
43. ഖുർആൻ 33:35, 12:32-33
44. സങ്കീർത്തനങ്ങൾ 11:3